ഉത്തരം

(എ) ചാല ഗവണ്മെന്റ് ഹൈസ്കൂൾ, ചാല ഗവണ്മെന്റ് തമിഴ് സ്കൂൾ എന്നിവയുടെ 24 സെന്റ് സ്ഥലം 12.8.97 ലും കരമന ഗവണ്മെന്റ് ഹൈസ്കൂളിലെ 10.820 സെന്റ് സ്ഥലം 14.11.99 ലും കരമന-കിള്ളിപ്പാലം റോഡു വികസനത്തിനായി പൊതുമരാമത്ത് വകുപ്പിന് വിട്ടുകൊടുക്കുകയും ഇത് സംബന്ധിച്ച് മേൽനടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

(ബി)&(സി) മുകളിൽ ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

159 (1380) കാഞ്ഞിരപ്പള്ളിയിൽ പുതിയ സിവിൽ സ്റ്റേഷൻ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പുതിയ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇത് എപ്പോൾ തുടങ്ങും;

(സി) എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ സ്ട്രക്ചറൽ ഡിസൈൻ, പ്രൊഫ്മ്ഡ് സ്ട്രക്ചർ ആയി മാറ്റാൻ തീരുമാനിച്ചതനുസരിച്ച് ഡിസൈനും എസ്റ്റിമേറ്റും പുതുക്കി തയ്യാറാക്കേണ്ടി വന്നു. പുതുക്കിയ ഷെഡ്യൂൾ നിരക്കു പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ടെൻഡർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏകദേശം 2000 ഫെബ്രുവരി-മാർച്ച് മാസത്തോടെ പണി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എഗ്രിമെന്റ് വച്ച് രണ്ടു വർഷമെങ്കിലും വേണ്ടിവരും പണി പൂർത്തിയാക്കുവാൻ.

160 (1381) കല്ലായി ഗവണ്മെന്റ് ഗണപത് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായി ഗവണ്മെന്റ് ഗണപത് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് പണി പൂർത്തീകരിക്കാനാണ് പദ്ധതി;

(സി) കോഴിക്കോട് കൊതി പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാകും;

(ഡി) കൊതി പാലത്തിനോടനുബന്ധിച്ചുള്ള തീരദേശ റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly